Talented Bankers Literary Panel
പുസ്തക പരിചയം 206

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
കഞ്ഞികുഴി (ആലപ്പുഴ) ശാഖ.

കളക്ടർ ബ്രോ
പ്രശാന്ത് നായർ

നന്മയുടെ ചെപ്പ് ; അല്ല ചിപ്പ് !

ദൈവം കൈയ്യൊപ്പിട്ട പുസ്തകമാണ്
"ഇനി ഞാൻ തള്ളട്ടെ".
പറയാതെ വയ്യ,
അതിപ്പോ ബ്രോ ഡിങ്കമത വിശ്വാസിയാണെങ്കിലും!

രണ്ടു വർഷങ്ങൾ കൊണ്ട്
രണ്ടു നൂറ്റാണ്ട് മുന്നിലേക്ക്
മ്മളെ കോയ്ക്കോടിനെ
ഉയർത്തി വിട്ട മാറ്റങ്ങളുടെ മിശിഹാ :
പ്രശാന്ത് നായർ IAS !

യയാതിയേയും ശർമ്മിഷ്ഠയേയും ഓർമ്മവരുന്നു.
രഹസ്യമായി പ്രണയിച്ച അവർ
ഒരു രാത്രി മാത്രമാണ് ഒരുമിച്ചു കഴിഞ്ഞത്.
പക്ഷേ, പീഡനപർവങ്ങളാൽ 'സമ്പന്നമായിരുന്ന' അവരുടെ
ജീവിതത്തിൽ
ആ രാത്രി ആയിരത്തൊന്ന് രാവുകൾക്കു
തുല്യമായ്ത്തീർന്നു !

അതുപോലെ,
ഓരോ കോഴിക്കോടുകാരനും
മനസ്സിലെഴുതി സൂക്ഷിക്കുന്നുണ്ട്,
കടപ്പാടുകളുടെ ഒരു സ്നേഹപുസ്തകം.
'തള്ളൽ' എന്നൊക്കെ ബ്രോ സ്വയം വിശേഷിപ്പിക്കുന്നുണ്ടെങ്കിലും
കരുണയുടെ ബൈബിൾ തന്നെയാണത്.

2015 ഫെബ്രുവരി 23ന് ആയിരുന്നു കൂളിംഗ്ഗ്ലാസ് ഒക്കെ വച്ച് കലക്ടറേറ്റിൽ
അദ്ദേഹത്തിൻറെ മാസ് എൻട്രി.
(ചെങ്കണ്ണായിരുന്നു കാരണമെന്ന് അദ്ദേഹത്തിനും ആ കൂളിംഗ് ഗ്ലാസിനും

മാത്രമേ അറിയുമായിരുന്നുള്ളൂ!)

കൗതുകം ലേശം കൂടുതലുള്ള ടീമാണ് എന്ന് മുസ്സൂറി ട്രെയിനിങ്
അക്കാദമിയിൽ നിന്നുതന്നെ സർട്ടിഫിക്കറ്റ് കിട്ടിയ ആളുടെ
പ്രവർത്തനങ്ങൾ ജില്ല കാണാൻ പോകുന്നതേ ഉണ്ടായിരുന്നുള്ളൂ !
ചലിപ്പിക്കാനുള്ള ചക്രത്തെ കണ്ടുപിടിക്കേണ്ടിയിരുന്നു ആദ്യം.

മാനേജ്മെൻറ് തത്വങ്ങളും
സ്വതസിദ്ധമായ നർമ്മവുമായിരുന്നു
രാസമാറ്റങ്ങളുടെ മസാലച്ചേരുവ എങ്കിൽ,
ബീച്ചോളങ്ങൾ പോലെ ഉപ്പുരസമാർന്നതായിരുന്നു ആ മനസ്സിലെ
ആർദ്രതയുടെ തിരതല്ലലുകൾ!

"സന്ദേഹം ഉണ്ടാകുമ്പോൾ, സ്വാർത്ഥതയിൽ
അമിതമായ് മുഴുകുമ്പോൾ, ഇനി പറയുന്ന രക്ഷാകവചം പ്രയോഗിക്കുക .
നിങ്ങൾ കണ്ടിട്ടുള്ളതിൽ ഏറ്റവും പാവപ്പെട്ടവന്റെയും
ബലഹീനൻ്റെയും മുഖം മനസ്സിലേക്ക് കൊണ്ടുവരിക .
എന്നിട്ട് സ്വയംചോദിക്കുക:
നിങ്ങൾ ചെയ്യാൻ പോകുന്ന പ്രവൃത്തികൊണ്ട് അയാൾക്ക് എന്തെങ്കിലും
പ്രയോജനം ഉണ്ടാകുമോ, അതിൽ നിന്ന് അയാൾക്ക് എന്തെങ്കിലും നേട്ടം
ഉണ്ടാകുമോ . സ്വന്തം ജീവിതത്തിലും വിധിയിലും നിയന്ത്രണം
വീണ്ടെടുക്കാൻ അതുകൊണ്ടയാൾക്ക് ഒരല്പമെങ്കിലും സാധിക്കുമോ?

മറ്റൊരു രീതിയിൽ പറഞ്ഞാൽ, വിശക്കുകയും ആത്മീയമായ് പട്ടിണി
കിടക്കുകയും ചെയ്യുന്ന ജനലക്ഷങ്ങളെ അത് സ്വരാജിലേക്ക് നയിക്കുമോ
?
ഈ ചോദ്യങ്ങൾക്ക് മുന്നിൽ നിങ്ങളുടെ സംശയങ്ങളും സ്വാർത്ഥതയും
നിങ്ങളും സ്വയം അലിഞ്ഞില്ലാതെയാകും"

എന്ന ഗാന്ധിജിയുടെ വിശ്വപ്രസിദ്ധമായ
രക്ഷാമന്ത്രം സ്വന്തം ചേംബറിലേക്കുള്ള വഴിയിൽ അദ്ദേഹം പതിപ്പിച്ചു
വെച്ചത്
വെറുതെയായിരുന്നില്ല.

അതിൽനിന്ന് ,
കരുണയുടെ
ആർദ്രതയുടെ ദൈവം ആയിരം കൈകളോടുയിർത്തെഴുന്നേറ്റ്
കണ്ണീർ തുടയ്ക്കുന്ന ജോലിയിൽ
മുഴുകി ,അഹോരാത്രം!

2015 മാർച്ച് 15 ന്
ഒരൗപചാരികസന്ദർശകനായി അദ്ദേഹം കുതിരവട്ടം മാനസികാരോഗ്യ

കേന്ദ്രത്തിന്റെ പഴയ പടികൾ കയറി.

കുറേക്കഴിഞ്ഞ് തിരിച്ചുവരുമ്പോൾ
ആ കാലുകൾ ഇടറി.
കാരണം അങ്ങോട്ട് പോയ കാലുകൾ ആയിരുന്നില്ല അത്. അങ്ങോട്ടു പോയ മനുഷ്യനുമായിരുന്നില്ല അത്.

അവിടെ നിന്നാണ് compassionate Kozhikode എന്ന എന്ന 'മഹാപ്രവാഹച്ചങ്ങല'യുടെ തുടക്കം.
അതു പിന്നീട് ഓപ്പറേഷൻ സുലൈമാനി,
സവാരിഗിരിഗിരി,World food with dignity day , സമ്പൂർണ്ണ, ഹേയ് ഓട്ടോ, തേരെ മേരെ ബീച്ച് മേം, മണിച്ചിത്രത്തൂണ് ഒപ്പത്തിനൊപ്പം എന്നിങ്ങനെ സ്നേഹലതകളായ് കോഴിക്കോടൻ ജനതയെയെ, അവരുടെ ഖൽബിനെ വരിഞ്ഞുചുറ്റി !

അങ്ങനെ ബ്രോയും ബ്രോയുടെ 'സഹാനുഭൂതിയുടെ സൈന്യ'വും
കോഴിക്കോട് കീഴടക്കിയ കഥ
വികാരാധീനനാകാതെ
വായിച്ചു തീർക്കാൻ പറ്റില്ല.

വായനക്കാരാ, നിങ്ങളെത്ര കഠിനഹൃദയനായാലും ശരി,
അടക്കിപ്പിടിച്ച നിങ്ങളുടെ ഹൃദയം
190ആം പേജിൽ എത്തുമ്പോൾ അറിയാതെ തുറന്നുപോകും !

അദ്ദേഹത്തെപ്പോലെ 'ഭ്രാന്തുള്ളവർ' നമ്മുടെ നാവികരായ്
ഇനിയുമിനിയും വരട്ടെ എന്ന് നമുക്കാശിക്കാം.

അവസാന പേജിലെ
ഒരു ഉദ്ബോധനം കൂടി പറഞ്ഞുകൊണ്ട് ഈ എഴുത്ത്
അവസാനിപ്പിക്കുന്നു.

'വഴികാട്ടി നക്ഷത്രത്തെ മാത്രം ശ്രദ്ധിച്ച് ലക്ഷ്യസ്ഥാനത്തേയോ ചുമരിലെ ഭാരത്തേയോ, മറ്റുള്ളവരുടെ അഭിപ്രായങ്ങളേയോ കുറിച്ച് ബേജാറാകാതെ ശരിയായ ദിശയിൽ നീങ്ങുമ്പോഴാണത്രേ നമ്മിൽ മനസ്സമാധാനവും ആത്മസംതൃപ്തിയും നിറയുന്നത്.
മനുഷ്യനിൽനിന്നും അതിമാനുഷനിലേക്കുള്ള പ്രയാണം എന്നത് അവനവന്റെയുള്ളിൽ കണ്ടെത്തുന്ന ഈ ഉയർന്ന ബോധമാണ്.
കരുണയും ആർദ്രതയുമാണ് ആ ബോധത്തിലേക്കുള്ള മന്ത്രത്താക്കോൽ എന്ന് ഞാൻ വിശ്വസിക്കുന്നു.'

പിൻ കുറിപ്പ്:
വോഴ്സ് കൂടി ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നേനെ. രണ്ടും മൂന്നും

ഭാഗങ്ങളിലൂടെ ഈ 'അധിക പ്രസംഗം ' തുടരുമെന്ന് പ്രത്യാശിക്കുന്നു !

പ്രസാധകർ - ഡി സി ബുക്ക്സ്
വില - Rs.260/-